# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1095 14.06.2012 ൽ -മറുപടിക്ക്

## റേഷൻകാർഡുടമകൾക്ക് അനുവദിച്ചിട്ടുള്ള അരി വിഹിതം

| | ചോദ്യം<br><br>ശ്രീ. ബാബു എം. പാലിശ്ശേരി | | ഉത്തരം<br><br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര ലക്ഷം റേഷൻ കാർഡുടമകൾ നിലവിലുണ്ട്; | (എ) | സംസ്ഥാനത്ത് (30.04.12ലെ കണക്കുകൾ പ്രകാരം) 79.38 ലക്ഷം റേഷൻ കാർഡുകൾ നിലവിലുണ്ട്. |
| (ബി) | ഇതിൽ എ.പി.എൽ, ബി.പി.എൽ കാർഡുകൾ എത്ര വീതം; എ.പി.എൽ, ബി.പി.എൽ കാർഡുകൾക്ക് ഓരോന്നിനും വിതരണത്തിനായി കേന്ദ്ര സർക്കാർ എത്ര അരിയാണ് അനുവദിയ്ക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | എ.പി.എൽ. വിഭാഗത്തിൽപ്പെട്ട 58.95 ലക്ഷം കാർഡുടമകളും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട 14.50 ലക്ഷം കാർഡുടമകളും എ.എ.വൈ. വിഭാഗത്തിൽപ്പെട്ട 5.93 ലക്ഷം കാർഡുടമകളുമാണുള്ളത്. (30.04.12ൽ) എ.പി.എൽ. വിഭാഗത്തിന് 51514 മെ. ടൺ അരിയും ബി.പി.എൽ വിഭാഗത്തിന് 26566 മെ. ടൺ അരിയും എ.എ.വൈ. വിഭാഗത്തിന് 20855 മെ. ടൺ അരിയും പ്രതിമാസം കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇതു പ്രകാരം ഓരോ കാർഡുടമയ്ക്കും മാസത്തിൽ പരമാവധി എത്ര കിലോ അരി വീതം ലഭ്യമാക്കും എന്ന് വ്യക്തമാക്കുമോ; | (സി) | ഒരു എ.പി.എൽ. കാർഡുടമയ്ക്ക് പ്രതിമാസം 8.7 കിലോഗ്രാം അരിയും ബി.പി.എൽ. കാർഡുടമയ്ക്ക് 18.3 കിലോഗ്രാം അരിയും എ.എ.വൈ. കാർഡുടമയ്ക്ക് 35 കിലോഗ്രാം അരിയും വീതം വിതരണം ചെയ്യുന്നതിന് മേൽപ്പറഞ്ഞ അലോട്ട്മെന്റ് മതിയാകും. 2012 ജൂൺ മാസത്തിൽ സബ്സിഡി വിഭാഗത്തിൽപെട്ട എ.പി.എൽ. കാർഡുടമയ്ക്ക് പ്രതിമാസം പരമാവധി 9 കിലോഗ്രാം അരിയും സബ്സിഡി വിഭാഗത്തിൽപെടാത്ത എ.പി.എൽ കാർഡുടമയ്ക്ക് പരമാവധി 10 കിലോഗ്രാം അരിയും ബി.പി.എൽ. കാർഡുടമയ്ക്ക് 25 കിലോഗ്രാം അരിയും എ.എ.വൈ. കാർഡുടമയ്ക്ക് 35 കിലോഗ്രാം അരിയും വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട് |
| (ഡി) | ഭക്ഷ്യകമ്മി സംസ്ഥാനമായ കേരളത്തിന് കേന്ദ്രത്തിൽ നിന്ന് കൂടുതൽ അരി അനുവദിച്ചു കിട്ടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ബി.പി.എൽ. അഡ്ഹോക്ക് അലോട്ട്മെന്റ് പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. നിരവധി നിവേദനങ്ങൾ കേന്ദ്ര സർക്കാരിലേക്ക് നൽകിയിട്ടുണ്ട്. 2011 ഓണക്കാലത്ത് അരിയുടെയും ഗോതമ്പിന്റെയും അധിക വിഹിതം ലഭിക്കുന്നതിന് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചതിനെ തുടർന്ന് (12.70 രൂപ വിൽപനവിലയുള്ള) 54000 മെ.ടൺ അരിയും (9.20 രൂപ വില്പന വിലയുള്ള) 27000 മെ.ടൺ ഗോതമ്പും അനുവദിച്ചു നൽകി. 2011 നവംബറിൽ 2550 മെ.ടൺ അരിയും 3936 മെ.ടൺ ഗോതമ്പും ബി.പി.എൽ. നിരക്കിൽ അധിക വിഹിതമായി നൽകുകയുണ്ടായി. |

സെക്ഷൻ ഓഫീസർ